CAREER/BEST IN INDIA



# രണ്ടു യൂനിവേഴ്സിറ്റിയിൽ പഠിക്കാൻ
# ജാമിഅ

**ഒരു യൂനിവേഴ്സിറ്റിയിലെ വിദ്യാർഥിക്ക് മറ്റൊന്നിൽകൂടി അധ്യയനം നടത്താൻ കഴിയുന്ന സമ്പ്രദായമാണ് മെറ്റാ യൂനിവേഴ്സിറ്റി സിസ്റ്റം**




**നബീൽ കൊടിയത്തൂർ**

ചീഫ് കരിയർ കോച്ച്
ടീം ഇൻകുബേഷൻ


ഉന്നത പഠനത്തിന് രാജ്യത്തുള്ള പ്രമുഖ കലാലയങ്ങളെ പരിചയപ്പെടുത്തുന്ന പംക്തി

വിവിധ ഡിപ്പാർട്മെൻറുകളിലായി 260ലധികം കോഴ്സുകൾ, 21,000 വിദ്യാർഥികൾ, ഡൽഹിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന വിശാലമായ കാമ്പസ്... ഇന്ത്യയിലെ മികച്ച കേന്ദ്ര സർവകലാശാലകളിലൊന്നായ ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ സർവകലാശാലയുടെ ചില സവിശേഷതകളാണിവ. ബ്രിട്ടീഷ് അധിനിവേശത്തിനെതിരായ പോരാട്ടത്തിൽ വിദ്യാഭ്യാസ വിപ്ലവ മുന്നേറ്റത്തിന് ചുക്കാൻപിടിച്ച സർവകലാശാലകളിൽ പ്രധാനപ്പെട്ട സർവകലാശാലയാണ് ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ. 1920ൽ അലീഗഢിലാണ് ജാമിഅ സ്ഥാപിതമാവുന്നത്. പിന്നീട് 1925ൽ ഡൽഹിയിലെ കരോൾബാഗിലേക്കു മാറുകയും 88ൽ കേന്ദ്ര സർവകലാശാലയായി അംഗീകാരം ലഭിക്കുകയും ചെയ്തു. നാഷനൽ റാങ്കിങ് ഫ്രെയിംവർക് അനുസരിച്ച് ഇന്ത്യയിലെ സർവകലാശാലകളിൽ 19ാം സ്ഥാനത്താണ് ജാമിഅ.

## കോഴ്സുകൾ

ബിരുദതലം മുതൽ ഗവേഷണപഠനം വരെയുള്ള മേഖലകളിൽ വിവിധ കോഴ്സുകൾ സർവകലാശാലയിൽ ലഭ്യമാണ്. ഇവ കൂടാതെ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സുകളും നൽകുന്നുണ്ട്. ആർട്സ്, കോമേഴ്സ് , ഹ്യൂമാനിറ്റീസ് വിഷയങ്ങൾക്കു പുറമെ പ്രഫഷനൽ കോഴ്സുകളായ എൻജിനീയറിങ്, ആർക്കിടെക്ചർ, ലോ, ഫിസിയോതെറപ്പി, ഡെൻറിസ്ട്രി തുടങ്ങിയ കോഴ്സുകളും ലഭ്യമാണ്.

ഇന്ത്യയിലെ മാസ് കമ്യൂണിക്കേഷൻ പഠനത്തിന് മികച്ച ഡിപ്പാർട്മെൻറാണ് ജാമിഅ മില്ലിയ്യയിലെ എ.ജെ.കെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ ആൻഡ് റിസർച്ച് സെൻറർ. മാസ് കമ്യൂണിക്കേഷൻ, കൺവർജൻറ് ജേണലിസം, അനിമേഷൻ, ഡെവലപ്മെൻറ് കമ്യൂണിക്കേഷൻ എന്നിവയിൽ ബിരുദാനന്തരബിരുദ കോഴ്സുകളും ആക്ടിങ്, ഫോട്ടോഗ്രഫി, വിഷ്വൽ കമ്യൂണിക്കേഷൻ, ബ്രോഡ്കാസ്റ്റ് ടെക്നോളജി എന്നിവയിൽ സർട്ടിഫിക്കറ്റ് കോഴ്സുകളും ലഭ്യമാണ്. മികച്ച പ്ലേസ്മെൻറ് സംവിധാനവും ഡിപ്പാർട്മെൻറ് നൽകുന്നുണ്ട്.

## മെറ്റാ യൂനിവേഴ്സിറ്റി സമ്പ്രദായം

ഒരു യൂനിവേഴ്സിറ്റിയിൽ പഠിക്കുന്ന വിദ്യാർഥിക്ക് മറ്റൊരു യൂനിവേഴ്സിറ്റിയിൽകൂടി അധ്യയനം നടത്താൻ പറ്റുന്ന സമ്പ്രദായമാണ് മെറ്റാ യൂനിവേഴ്സിറ്റി സിസ്റ്റം. ജാമിഅ മില്ലിയ്യയും ഡൽഹി യൂനിവേഴ്സിറ്റിയും ചേർന്ന് എം.എസ്‍സി മാത്തമാറ്റിക്സ് എജുക്കേഷൻ എന്ന കോഴ്സ് ഒരുമിച്ച് നടത്തുന്നുണ്ട്. 10 വീതം വിദ്യാർഥികൾക്ക് ഇരു സർവകലാശാലകളിൽനിന്നുമായി കോഴ്സ് പൂർത്തിയാക്കാം.

ഒട്ടനവധി വിദ്യാർഥികൾ പഠിക്കുന്നതിനാൽ സർവകലാശാലക്കു കീഴിൽ ഹോസ്റ്റൽ സീറ്റുകൾ പരിമിതമാണ്. മാർക്ക് അടിസ്ഥാനത്തിലാണ് ഹോസ്റ്റൽ അനുവദിക്കുക. മലയാളി കൂട്ടായ്മകൾ നടത്തുന്ന ഹോസ്റ്റൽ സംവിധാനങ്ങൾ യൂനിവേഴ്സിറ്റിയുടെ പരിസരങ്ങളിൽ ലഭ്യമാണ്.

## പ്രവേശനം

സർവകലാശാല അഖിലേന്ത്യാതലത്തിൽ നടത്തുന്ന പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിലാണ് എല്ലാ കോഴ്സുകൾക്കും അഡ്മിഷൻ ലഭിക്കുക. ജെ.ഇ.ഇ മെയിൻ റാങ്ക്‌ലിസ്റ്റിൻെറ അടിസ്ഥാനത്തിലായിരിക്കും ബി.ടെക്/ബി.ആർക് പ്രോഗ്രാമുകൾക്ക് പ്രവേശനം. ബി.ഡി.എസ് പ്രവേശനത്തിന് നീറ്റ് പരീക്ഷ നിർബന്ധമാണ്. ഇന്ത്യയിൽ ഏഴു പരീക്ഷകേന്ദ്രങ്ങളാണുള്ളത്. ഡൽഹിയെ കൂടാതെ കോഴിക്കോട്, ഗുവാഹതി, ലഖ്നോ, പട്ന, ശ്രീനഗർ, കൊൽക്കത്ത എന്നിവ പരീക്ഷകേന്ദ്രങ്ങളാണ്. പക്ഷേ കെമിസ്ട്രി, ഇംഗ്ലീഷ്, ഇക്കണോമിക്സ്, എം.സി.എ, ഫിസിക്സ്, എം.കോം, എം.ബി.എ, പൊളിറ്റിക്കൽ സയൻസ്, സോഷ്യൽ വർക്ക്, എം.ടെക്, ബയോടെക്നോളജി, എം.എച്ച്.ആർ.എം, ബയോസയൻസ് എന്നീ കോഴ്സുകൾക്കു മാത്രമേ ഡൽഹിക്കു പുറത്ത് പരീക്ഷകേന്ദ്രങ്ങളുള്ളൂ. ഫെബ്രുവരി മാസത്തിലാണ് അഡ്മിഷൻ വിജ്ഞാപനം പുറപ്പെടുവിക്കുക. മേയ്, ജൂൺ മാസങ്ങളിൽ പ്രവേശനപരീക്ഷ നടത്തുകയും ആഗസ്റ്റ് മാസത്തിൽ ക്ലാസുകൾ ആരംഭിക്കുകയും ചെയ്യും.

പ്രവേശനപരീക്ഷയുടെ സിലബസും മറ്റു വിശദാംശങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഒബ്ജക്ടിവ് മാതൃകയിലുള്ള ചോദ്യങ്ങളാണ് പരീക്ഷയിൽ ഉണ്ടാവുക. നെഗറ്റിവ് മാർക്കിങ് ഉണ്ടായിരിക്കും.

വെബ്സൈറ്റ്: www.jmi.ac.in




epaper.madhyamam.com